# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 22.06.2012- ലെ മറുപടിക്ക്

നമ്പർ.**2838**

## വാർഷിക പദ്ധതി

**ചോദ്യം**

**ശ്രീ. റ്റി. എൻ. പ്രതാപൻ**
**„ വർക്കല കഹാർ**
**„ തേറമ്പിൽ രാമകൃഷ്ണൻ**
**„ ലൂഡി ലൂയിസ്**

(എ) വാർഷിക പദ്ധതിയിൽ ചെലവഴിക്കേണ്ട തുകയുടെ ഭൂരിഭാഗവും മാർച്ച് മാസത്തിൽ എങ്ങനേയും ചെലവിട്ടു തീർക്കുന്ന ഇപ്പോഴത്തെ രീതിക്ക് മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോഴത്തെ രീതി മാറ്റി പുതിയ എന്തെല്ലാം സംവിധാനങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് വിശദമാക്കുമോ;

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്**
(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) .ഉണ്ട്. വാർഷിക പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും ചെലവഴിക്കേണ്ട തുക കൃത്യമായും, ഫലപ്രദമായും ചെലവഴിക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പദ്ധതി നിർവഹണം കൂടുതൽ സുതാര്യവും കാര്യക്ഷമവും സമയ ബന്ധിതവുമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 2012-13 മുതൽ പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കാവുന്നപദ്ധതികളുടെ അടങ്കൽ പരിധി മൂന്നു കോടിയിൽ നിന്നും 5 കോടിയാക്കി ഉയർത്തിയിട്ടു. ജൂലൈമാസ

ത്തിൽ തന്നെ വർക്കിംഗ് ഗ്രൂപ്പ് കൂടി പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് മെമ്പർമാർ തന്നെ പങ്കെടുക്കണ മെന്നും പ്രതിനിധിയെ അയയ്ക്കാൻ പാടില്ലായെന്നും നിർദ്ദേശം നൽകിയി ട്ടുണ്ട്. കൂടാതെ പദ്ധതി നിർവ-ഹണം സമയബന്ധിതമായി പൂർത്തി

യാക്കുന്നതിന് പദ്ധതി തുക ചെലവഴി ക്കുന്നതിന് ജൂൺ മാസം 30 വരെ 10%, സെപ്തംബർ മാസം 30 വരെ 40% ,ഡിസംബർ മാസം 31 വരെ70% , മാർച്ച് മാസം 31 വരെ 100% എന്നി ങ്ങനെ ത്രൈമാസ ടാർജറ്റ് വച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം തുക മാത്രമേ ചെലവഴിക്കുന്നതിന് ശേഷി ക്കാൻപാടുള്ളു എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വർഷാവസാനം പദ്ധതി തുക ടി.എസ്.ബി / ബാങ്ക് അക്കൗണ്ടുകളിൽ മാറ്റുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നതിനു വേണ്ടി യാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

(സി) പദ്ധതികൾ നടപ്പാക്കുന്നത് ഉറപ്പാക്കാൻവകുപ്പ് തലത്തിലും ആസൂത്രണ ബോർഡിലും സമിതികൾ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശ-ങ്ങൾ എന്തെല്ലാം?

(സി) പദ്ധതികൾ നടപ്പാക്കുന്നത് ഉറപ്പാ ക്കാൻ സർക്കാർ തലത്തിൽ ഓരോ മാസവും ചീഫ് സെക്രട്ടറി , വകുപ്പ് സെക്രട്ടറിമാരുടെ യോഗം വിളിച്ച് ചേർത്ത് അവലോകനം ചെയ്യുന്നുണ്ട്

വകുപ്പ് സെക്രട്ടറിമാർ ബന്ധപ്പെട്ട വകുപ്പുകളുടെ പദ്ധതി അവലോക

നവും പതിവായി നടത്തുന്നുണ്ട്. മുഖ്യമന്ത്രി വകുപ്പ് മന്ത്രിമാരുമായും ഗവൺമെന്റ് സെക്രട്ടറിമാരുമായും പദ്ധതി അവലോകനം നടത്തുന്നു ണ്ട്. കൂടാതെ സെക്രട്ടറിമാരുടെയും

വകുപ്പദ്ധ്യക്ഷൻമാരുടെയും യോഗം വിളിക്കുകയും പദ്ധതി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ ആസൂത്രണ ബോർഡിൽ വിവര സാങ്കേതിക വിദ്യയുടെ സഹാ യത്തോടെ പ്ലാൻ മോണിറ്ററിംഗ് ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറി , ആസൂത്രണ പ്രിൻസി പ്പൽ സെക്രട്ടറി , ധനകാര്യ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു കോർ ഗ്രൂപ്പ് മിഷൻ മോഡ് പ്രോജക്ടറുകളുടെ പ്രവർത്തനപു രോഗതി നിരീക്ഷിക്കുകയും അവ ലോകനം നടത്തുകയും ചെയ്യുന്നു ണ്ട്.

**സെക്ഷൻഓഫീസർ.**